പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*579 28.3.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ

ചോദ്യം മറുപടി

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വിശദീകരിക്കുമോ? | (ബി)1. സാമൂഹ്യനീതി വകുപ്പിൽ നിന്നും ഭിന്നശേഷിയുള്ള കുട്ടികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മുഖാന്തിരം സഹായ ഉപകരണ വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി NIMHANS ബാംഗ്ലൂരുമായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു.<br>3. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള വിവിധ പ്രോജക്ടുകൾ വിവിധ NGO കൾ വഴി നടപ്പിലാക്കി വരുന്നു.<br>4. അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ഒറ്റത്തവണ ചികിത്സാ ധനസഹായമായി പരമാവധി 5000/- രൂപ വരെ അനുവദിച്ച് വരുന്നു<br>5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒന്നാം ക്ലാസ്സ് മുതൽ പി.ജി(പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) വിവിധ ക്ലാസ്സുകൾക്ക് 300 രൂപ മുതൽ 1000 രൂപ വരെ സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. |

6. ഭിന്നശേഷിക്കാരായ ഒൻപതാം ക്ലാസ്സ് മുതൽ പി.ജി വരെ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റഡി മെറ്റീരിയൽസിന് വിവിധ ക്ലാസ്സുകൾക്കായി 500/- രൂപ മുതൽ 3000/- രൂപ വരെയും യൂണിഫോമിനായി 9 മുതൽ പി.ജി വരെയുള്ള വിവിധ ക്ലാസ്സുകൾക്കായി 1500/- രൂപ മുതൽ 2000/- രൂപ വരെയും ധനസഹായം അനുവദിച്ചു വരുന്നു.

– വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം ചുവടെ കുറിക്കുന്നു.

1. ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി) നമ്പർ 346/2012/ എസ്ഡബ്ളിയൂഡി തീയതി 30-07-2012 പ്രകാരം 12 വയസ് വരെ പ്രായമുള്ള, ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക (ആൺകുട്ടിക്കും പെൺകുട്ടിക്കും 20,000/- രൂപ) നിക്ഷേപിക്കുന്നു.

2. ഭിന്നശേഷിയുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ,വാക്കർ, ക്രച്ചസ്, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

3. ഭിന്നശേഷിയുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം. മാനദണ്ഡങ്ങൾക്കു വിധേയമായി.

4. കോർപ്പറേഷൻ വഴി എസ്.എസ്. എൽ.സി./പ്ലസ് ടു തലത്തിൽ എല്ലാ വിഷയങ്ങൾക്കും 60% മാർക്കോടെ (B grade and above) വിജയിച്ച ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 2500/- രൂപ ക്യാഷ് അവാർഡ് നൽകി വരുന്നു.

5. 14 വയസ്സിന് മുകളിൽ പ്രായമുള്ള മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ. സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വായ്പകൾ അനുവദിച്ചു വരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുയാത്ര എന്ന പേരിലുള്ള പദ്ധതി നടപ്പാക്കി വരുന്നു. അനുയാത്രയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും
2. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
4. കാതോരം
5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
6. പ്രോജക്ട് ഓട്ടിസം
7. റീജിയണൽ ഓട്ടിസം മാനേജ്മെന്റ് ആന്റ് റിസർച്ച് സെന്റർ
8. സ്പെഷ്യൽ അങ്കണവാടികൾ
9. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
10. കറക്ഷൻ സർജറികൾ
11. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ
12. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
13. വ്യക്തിഗത പരിപാലന പ്ലാൻ
14. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
15. പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്
16. ഹെൽപ്പ് ഡെസ്ക്
17. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
18. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതിയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്

    1. പ്രതിരോധ പ്രവർത്തനങ്ങളും, വൈകല്യങ്ങൾ നേരത്തെ കണ്ടെത്തലും
    2. പ്രാരംഭ ഇടപെടലുകൾ

| | |
|---|---|
| | 3. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ<br>4. നൈപുണ്യ വികസനവും, തൊഴിൽപരമായ പുനരധിവാസവും<br>5. സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ<br>6. സാമൂഹ്യാധിഷ്ഠിത പുനരധിവാസം<br>7. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ |

സെക്ഷൻ ഓഫീസർ